## പതിമൂന്നാം കേരളനിയമസഭ
## ഒമ്പതാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4035</u> | <u>26/06/2013 ൽ മറുപടിക്ക്</u>

### എല്ലാ പഞ്ചായത്തുകളിലും ഹോമിയോ/ആയുർവ്വേദ ക്ലിനിക്കുകൾ

**ചോദ്യം**

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ഹോമിയോ / ആയുർവ്വേദ ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | ഉണ്ട്. നിലവിൽ സർക്കാർ ഹോമിയോ ഡിസ്പെൻസറി ഇല്ലാത്ത കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ പുതിയ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായി സംസ്ഥാന വാർഷിക പദ്ധതിപ്രകാരം ഡിസ്പെൻസറി ഇല്ലാത്ത പഞ്ചായത്തുകളിൽ ഘട്ടംഘട്ടമായി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പുതിയ ഹോമിയോ ഡിസ്പെൻസറികൾ അനുവദിക്കപ്പെട്ടുവരുന്നു. |
| (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം ഇത്തരത്തിലുള്ള എത്ര ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട് ; ജില്ലാതല വിശദാംശം ലഭ്യമാക്കുമോ ; | (ബി) | ഈ സർക്കാർ അധികാരമേറ്റശേഷം 60 പുതിയ ഹോമിയോ ഡിസ്പെൻസറികളും 48 ആയുർവ്വേദ ഡിസ്പെൻസറികളും ആരംഭിച്ചു. ജില്ലാതല വിശദാംശം അനുബന്ധം I ആയി ചേർത്തിരിക്കുന്നു. എൻ.ആർ.എച്ച്.എം. വഴി 15 ഹോമിയോ ഡിസ്പെൻസറികളും 17 ആയുർവ്വേദ ഡിസ്പെൻസറികളും ആരംഭിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.<br><br>കൂടാതെ മലപ്പുറം ജില്ലയിലെ വണ്ടൂരിൽ 10 കിടക്കകളോടു കൂടിയ പെയിൻ & പാലിയേറ്റീവ് കെയർ സെന്ററും (ചേതന) അനുവദിച്ചിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ |

<table>
<tr><td></td><td></td><td></td><td>ധനസഹായത്തോടെ (പൂൾഡ് ഫണ്ട്) സംസ്ഥാനത്തെ വിവിധ ജില്ലകളിലെ പട്ടികജാതി സങ്കേതങ്ങളിൽ 29 എസ്.സി.പി. ഹോമിയോപ്പതി ഹെൽത്ത് സെൻററുകളും ഈ സർക്കാർ അധികാരമേറ്റശേഷം ആരംഭിച്ചു. ആയത് അനുബന്ധം III ആയി ചേർത്തിരിക്കുന്നു.</td></tr>
<tr><td>(സി)</td><td>വയനാട് ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകളിൽ ഇത്തരത്തിലുള്ള ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്; നിയോജകമണ്ഡലം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?</td><td>(സി)</td><td>വയനാട് ജില്ലയിൽ ഈ സർക്കാർ അധികാരമേറ്റശേഷം ഒരു സർക്കാർ ഹോമിയോ ഡിസ്പെൻസറിയും, ഒരു ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറിയും, ഒരു എസ്.സി.പി. ഹോമിയോ ഹെൽത്ത് സെന്ററും ആരംഭിച്ചിട്ടുണ്ട്. നിയോജകമണ്ഡലം തിരിച്ചുള്ള വിശദാംശം താഴെ കൊടുത്തിരിക്കുന്നു.
<table>
<tr><th>സ്ഥാപനങ്ങൾ</th><th>പഞ്ചായത്ത്</th><th>നിയോജക മണ്ഡലങ്ങൾ</th></tr>
<tr><td>സർക്കാർ ഹോമിയോ ഡിസ്പെൻസറി, കാട്ടിമൂല, തവിഞ്ഞാൽ</td><td>തവിഞ്ഞാൽ</td><td>മാനന്തവാടി</td></tr>
<tr><td>എസ്.സി.പി. ഡിസ്പെൻസറി, കൊറ്റിയോട്ട് കുന്ന്</td><td>പടിഞ്ഞാറത്തറ</td><td>കൽപ്പറ്റ</td></tr>
<tr><td>സർക്കാർ ആയുർവ്വേദ ഡിസ്പെൻസറി</td><td>തവിഞ്ഞാൽ</td><td>മാനന്തവാടി</td></tr>
</table>
കൂടാതെ എൻ.ആർ.എച്ച്.എം. വഴി 11 ഹോമിയോ ഡിസ്പെൻസറികൾ അനുവദിച്ചിട്ടുണ്ട്. ആയത് അനുബന്ധം IV ആയി ചേർത്തിട്ടുണ്ട്.</td></tr>
</table>

സെക്ഷൻ ഓഫീസർ